## <u>ആമുഖം</u>

കോഴിക്കോട് സിറ്റി ഉപജില്ലയിൽ പന്നിയങ്കര വില്ലേജിൽ കോർപ്പറേഷൻ 54ാം ഡിവിഷൻ പയ്യാനക്കലിൽ നിന്നും 500 മീറ്റർ പടിഞ്ഞാറായി കടൽത്തീരത്തു നിന്നും 40 മീറ്റർ കിഴക്കായിട്ടാണ് കപ്പക്കൽ ഗവ: എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. രക്ഷിതാക്കളിൽ ഭൂരിഭാഗവും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിൽ ഉപജീവനമാർഗ്ഗമാക്കിയവരാണ്.

1933–ലാണ് വിദ്യാലയം ആരംഭിച്ചതെന്ന് ലഭ്യമായ രേഖകൾ വ്യക്തമാക്കുന്നു. ആദ്യകാലത്ത് 1 മുതൽ 5 വരെ ക്ലാസുകൾ ഉണ്ടായിരുന്നു. 1960ൽ 5ാം തരം ഒഴിവാക്കപ്പെട്ടു. അതിനുശേഷം കപ്പക്കൽ ഗവ: എൽ.പി. സ്കൂൾ എന്ന പേരിലാണ് സ്ഥാപനം അറിയപ്പെടുന്നത്. 2025–26 അധ്യയന വർഷത്തിൽ LKG മുതൽ IVാം ക്ലാസുവരെ 105 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. 2021–മുതൽ ശ്രീമതി. പി.ബിന്ദുവാണ് പ്രധാനാധ്യാപിക. 4 സഹ അധ്യാപകരും ഇവിടെ പ്രവർത്തിക്കുന്നു. പാഠ്യ–പാഠ്യേതര രംഗത്ത് ഉപജില്ലയിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

വിദ്യാലയത്തിന് ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് തദ്ദേശസ്ഥാപനത്തിന്റെ സഹായ സഹകരണങ്ങൾ മികച്ച രീതിയിൽ ലഭിച്ചു വരുന്നു. 54ാം വാർഡ് കൗൺസിലറും കോഴിക്കോട് കോർപ്പറേഷൻ ഡെപ്യൂട്ടി മേയറുമായ ശ്രീ. സി.പി.മുസാ ഫർ അഹമ്മദിന്റെ കാര്യക്ഷമമായ ഇടപെടൽ വിദ്യാലയത്തെ മികവിലേക്ക് ഉയർത്തുന്നതിൽ മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്. 2025–26 അധ്യയന വർഷത്തിൽ PTA പ്രസിഡണ്ടായി ശ്രീ. എൻ.പി അഷറഫും INPTA പ്രസിഡണ്ടായി ശ്രീമതി. നൂർജഹാൻ കെ.കെ യും SMC ചെയർപേഴ്സണായി ശ്രീമതി. കെ.പി മുനീറയും വിദ്യാലയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## ഉള്ളടക്കം


- ആമുഖം
- പൊതുലക്ഷ്യങ്ങൾ
- സാമൂഹ്യബന്ധ ആസൂത്രണരേഖ
- മേഖല

1. അക്കാദമികം
2. ഇംഗ്ലീഷ് ഭാഷശേഷി വികാശം – Dialy description/Growing one  day one word sentence
3. വ്യക്തിത്വ വികാസത്തിന് ക്ലബ്ബുകൾ –*****
4. ലാബിലൂടെ – അനുഭവാധിഷ്ഠിതപഠനം
5. വായിക്കാം രചിക്കാം, എന്റെ വാക്യങ്ങൾ, വായനെകുറിപ്പ് അനുഭവ വിവരണം
6. ഐ.ടി – ആധുനിക സാങ്കേതികത ഉപയോഗിച്ചുള്ള പഠനം
7. കലാ പഠനം
8. ആരോഗ്യ കായികം – കിഡ്സ് പാർക്ക്
9. പ്രവർത്തി പരിചയം
10. ഭൗതിക സൗകര്യ വികസന ആസൂത്രണരേഖ
11. മോണിറ്ററിംഗ്
12. ഉപസംഹാരം
13. Dialy Reader teatre
14. പാട്ടരങ്ങ്
15. സംയുക്ത ഡയറി
16. സർഗാത്മക ഡയറി
17. കാവ്യോത്സവം
18. അമ്മ മാഗസിൻ
19. പഠനോത്സവം

# <u>പൊതു ലക്ഷ്യങ്ങൾ</u>

1. സ്ക്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്നുറപ്പ് വരുത്തൽ.
2. ലോവർ പ്രൈമറി ഘട്ടത്തിൽ കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കൾ അടക്കമുള്ള സമൂഹത്തെ അറിയിക്കും.
3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
4. എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിത ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും.
5. ശാസ്ത്ര പഠനത്തിൽ താൽപര്യമുണർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കും.
6. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തും. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കും.
7. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.
8. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തും.
9. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കും.

## സമൂഹബന്ധ ആസൂത്രണ രേഖ

വിദ്യാലയത്തിൻറെ സർവ്വതോന്മുഖമായ വികസനത്തിന് സമൂഹത്തിന്റെ പങ്കാളിത്തം ഒഴിച്ചുകൂടാനാകാത്തതാണ്. ക്ലബ്ബുകൾ, പൂർവ്വ വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ ഇവരുടെയെല്ലാം പങ്കാളിത്വം, സഹകരണം, സഹായം വിദ്യാലയത്തിന് ലഭ്യമാക്കേണ്ടതുണ്ട്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| രക്ഷിതാക്കളുടെ പങ്കാളിത്തം | • ജനറൽ ബോഡി യോഗം<br>• വികസന ലക്ഷ്യങ്ങൾ<br>• ചർച്ച<br>• ചുമതല വിഭജനം | ജൂൺ – മാർച്ച് |
| വിദ്യാഭ്യാസ നിലവാരം ഉയർത്തൽ | • സി.പി.ടി.എ യോഗം ചർച്ച<br>• കോർണർ പി.ടി.എ | ജൂൺ – മാർച്ച് (ഓരോ മാസത്തിലും) |
| പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ | • യോഗങ്ങൾ<br>• ദിനാചരണങ്ങൾ<br>• സ്കൂൾ വാർഷികം<br>• പ്രവേഷനോത്സവം, ആഘോഷങ്ങൾ ഇവയിൽ പങ്കാളിത്തം നൽകുന്നു. ശിൽപശാല | ജൂൺ – മാർച്ച് (ഓരോ മാസത്തിലും) |
| ഗൃഹ സന്ദർശനത്തിലൂടെ കുട്ടിയെ കൂടുതൽ അറിയുക | • യോഗങ്ങളിൽ സ്ഥിരമായി പങ്കെടുക്കാത്ത രക്ഷിതാക്കളെ നേരിൽ കാണുന്നു. കുട്ടിയുടെ കുടുംബ പശ്ചാത്തലം തിരിച്ചറിയുന്നു. | മൂന്ന് മാസത്തിലൊരിക്കൽ |
| പി.ഇ.സി. പങ്കാളിത്തം വിദ്യാലയത്തിൽ ഉറപ്പാക്കൽ | • ജനപ്രതിനിധികളെ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നു. | ജൂൺ – മാർച്ച് |
| പകർച്ച വ്യാധികൾ, മലിനീകരണം, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കൽ | • ബോധവൽക്കരണ ക്ലാസ്സ്<br>• സി.ഡി. പ്രദർശനം<br>• നോട്ടീസ്<br>• പത്രവാർത്ത | പ്രശ്നം അനുഭപ്പെടുമ്പോൾ |

| | | |
|---|---|---|
| വായനാശേഷി വർധിപ്പിക്കൽ | • ദിനാചരണം<br>• അമ്മവായന<br>• ലൈബ്രറി ശാക്തീകരണം വായനചങ്ങാത്തം<br>• റീഡിംഗ് കാർഡ് ശിൽപശാല<br>• കോർണർ ലൈബ്രറി | ഓരോ ടേമിലും |

**മേഖല: അക്കാദമികം** **ഉപമേഖല: പഠനമികവ്**

| ക്രമ ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ ശരാശരി നിലവാരത്തിലെത്തിക്കൽ | • പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ ശരാശരി നിലവാരത്തിലെത്തിക്കൽ. കുട്ടികളുടെ പഠനനില കണ്ടെത്തുന്നതിന് പ്രിടെസ്റ്റ് നടത്തുന്നു.<br>• പിന്നോക്കം നിൽക്കുന്ന കുട്ടികളെ കുറിച്ച് പഠനം നടത്തുന്നു.<br>• കുടുംബപശ്ചാത്തലെ പിന്നോക്ക മേഖല തുടങ്ങിയവ<br>• പിന്നോക്കക്കാർക്കുള്ള മൊഡ്യൂൾ വിനിമയം പിന്നോക്കക്കാരായ രക്ഷിതാക്കൾക്ക് പരിശീലനം<br>• SMC രുപീകരണം<br>• പിന്നോക്കക്കാർക്ക് പഠന സാമഗ്രികൾ തയ്യാറാക്കുന്നു. | 2,3,4 | ജൂൺ<br><br>ജൂലായ് മുതൽ ജനുവരി വരെ | അധ്യാപകർ<br><br>അധ്യാപകർ<br><br>SSG | പിന്നോക്കക്കാർക്കുള്ള മൊഡ്യൂൾ 3000.<br><br>പിന്നോക്കക്കാർക്ക് പഠന സാമഗ്രികൾ തയ്യാറാക്കൽ 5000.<br><br>വർക്ക്ഷീറ്റുകൾ 3000. |

| | | | | | | |
|---|---|---|---|---|---|---|
| | | • കുട്ടിയിലുണ്ടാകുന്ന പുരോഗതി വിലയിരുത്തുന്നു. | | ജനുവരി | | |
| 2 | എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പാക്കൽ | • എല്ലാമാസവും ക്ലാസ്സ് ടെസ്റ്റുകൾ നടത്തുന്നു. ക്ലാസ് പി.ടി.എ നടത്തൽ. പ്രതിവാര SRG ചേരൽ, ക്ലാസ് തല SSG രൂപീകരണം, ശിൽപ ശാലകൾ | 1,2,3,4 | ജൂൺ മുതൽ | അധ്യാപകർ<br>PTA | വർക്ക് ഷീറ്റുകൾ 5000 |
| 3 | പഠന പ്രക്രിയയിൽ രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പുവരുത്തൽ | • എല്ലാമാസവും ക്ലാസ് പി.ടി.എ ചേരൽ<br>• കുട്ടിയുടെ പഠന പുരോഗതി വിലയിരുത്തൽ<br>• ക്ലാസ്സ് പി.ടി.എ യിൽ രക്ഷാകർതൃ സഹായി വിതരണം | | ജൂൺ മുതൽ എല്ലാ മാസവും | | |
| 4 | കുട്ടികളെ നല്ല വായനക്കാരാക്കൽ | • ക്ലാസ് തല വായനാമൂല, ലൈബ്രറി, ഗണിതമൂല സജ്ജമാക്ക ൽ, റീഡിംഗ് കാർഡുകൾ തയ്യാ റാക്കൽ, വായനാകുറിപ്പ് തയ്യാ റാക്കൽ, അസംബ്ലിയിൽ | 1,2,3,4 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>PTA<br>SSA | ക്ലാസ് ലൈബ്രറി വായനാമൂലകൾ ഗണിതമൂലകൾ 15000 |

**മേഖല : ഇംഗ്ലീഷ് ഭാഷാ ശേഷി വികാസം**

| **SL No** | **Objectives** | **Activities** | **Class** | **Period** | **Duty** | **Economic Activities** |
|---|---|---|---|---|---|---|
| 1 | To enable all children to read and write without mistake | Label to all objection side and outside the class room | I to IV | Short Term | Class Teacher | |
| 2 | To enrich English Vocabulary | Stick Directions Written in English in different places<br><br>one day one word/ Growing sentence | I to IV | Mid Term | Class Teacher | |
| 3 | To Develop Communicative Skill in English | Prayer in English Pledge in English, English Radio News, English Short Films. Story telling in Assembly<br><br>Description. | I to IV | Long Term | Class Teacher | |

മേഖല: അക്കാദമികം

ഉപമേഖല: പഠനമികവ്

| ക്രമ ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ആവിഷ്ക്കാരത്തിനും പ്രകടനത്തിനും പ്രയോഗത്തിനും അവസരം ഒരുക്കുന്നു. പഠന പ്രക്രിയയെ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ | **<u>ദിനാചരണങ്ങൾ</u>**<br>• അഭിമുഖം<br>• വൃക്ഷത്തൈ നടൽ<br>• ചോദ്യാവലി<br>• ഓരോ ദിനാചരണവുമായി ബന്ധപ്പെടുത്തി കുട്ടികൾ ശേഖരിച്ച വസ്തുതകൾ ഉൾപ്പെടുത്തി വർഷാവസാനം ഒരു കുട്ടിക്ക് അല്ലെങ്കിൽ ഒരു ക്ലാസിന് ഒരു മാഗസിൻ. അതിൽ മികച്ചത് കണ്ടെത്തൽ. പ്രോത്സാഹന സമ്മാനം നൽകൽ.<br>• ക്വിസ് മത്സരം, ഫീൽഡ് ട്രിപ്പ്, പരീക്ഷണം, ചുമർ പത്രിക നിർമ്മാണം, പോസ്റ്റർ നിർമ്മാണം.<br>• ദിനാചരണ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നു. ദിനാചരണ കലണ്ടർ തയ്യാറാക്കുന്നു.<br><br>**<u>കുട്ടികൾ തയ്യാറാക്കൽ</u>**<br>• ഇവയെ അടിസ്ഥാനമാക്കി പ്രതിമാസ മത്സരങ്ങൾ (ക്വിസ്, പ്രസംഗം, രചന, പ്രഭാഷണം)<br>• എല്ലാ മാസവും പത്രങ്ങൾ പുറത്തിറക്കുക. | 1,2,3,4<br><br>3,4 | അതാതു ദിവസങ്ങൾ (ദീർഘ കാലം) | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>പി ടി എ<br><br>അധ്യാപകർ<br>വിദ്യാർത്ഥികൾ | 1000<br><br>1500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | • ക്ലബ്ബുകൾക്ക് പ്രതിദിന ചുമതലകൾ നിശ്ചയിക്കുക<br>• ക്ലബ്ബ് അംഗങ്ങളുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും വിലയിരുത്തി ഗ്രേഡ് നൽകുക.<br>• ഏറ്റവും നല്ല ക്ലബ്ബ് അംഗങ്ങളെ തെരഞ്ഞെടുത്ത് വർഷാവസാനം അവാർഡുകൾ നൽകുക.<br>• ക്ലബുകൾക്ക് വാർഷിക പ്രവർത്തന കലണ്ടർ രൂപീകരിക്കുക.തനത് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ,സംഘാടനം,നിർവഹണം,പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന സ്ഥലം,പ്രാദേശിക ചുമതല എന്നിവ കലണ്ടറിൽ ഉൾപ്പെടുത്തനം<br>• വായനാ മത്സരം നടത്തൽ | | ദീർഘകാലം | പൂർവ്വ വിദ്യാർത്ഥികൾ<br>അധ്യാപകർ<br>വിദ്യാർത്ഥികൾ | 500 |
| 2 | കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് വഴിയൊരുക്കൽ | **<u>ക്ലബ്ബുകൾ</u>**<br>• വിദ്യാലയത്തിന് അനിവാര്യമായും ഉണ്ടായിരിക്കേണ്ട ക്ലബ്ബുകൾ രൂപീകരിക്കുക, ശാസ്ത്രം, പരിസ്ഥിതി, ഗണിതം, ആരോഗ്യം, ഇംഗ്ലീഷ്, വിദ്യാരംഗം.<br>• എല്ലാ കുട്ടികളും ഒരു ക്ലബ്ബിലെങ്കിലും അംഗമാകുക<br>• താൽപര്യമുള്ള കുട്ടികൾക്ക് ഒന്നിൽ കൂടുതൽ ക്ലബ്ബിൽ അംഗത്വം നൽകുക<br>• ദിനാചരണങ്ങളെ ബന്ധപ്പെട്ട ക്ലബ്ബുമായി ഏകോപിപ്പിക്കുക. | 1,2,3,4 | ഹ്രസ്വകാലം (ജൂൺ, ജുലൈ) | അധ്യാപകർ<br>വിദ്യാർത്ഥികൾ | |

| | | | | | | |
|---|---|---|---|---|---|---|
| | | • എല്ലാ ക്ലബ്ബുകൾക്കും പ്രത്യേകം വാർത്താ ബോർഡുകൾ<br>• ക്ലബ്ബു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നോട്ടീസ്, പോസ്റ്റർ, കൂടിക ചുമർ പത്രിക<br>• കുട്ടികളുടെ ഹരിതസഭ പ്രവർത്തനം<br>• ക്ലബ്ബ് പ്രവർത്തനങ്ങളുടെ പ്രചാരണത്തിനായി എസ്.എസ്.ജി രക്ഷിതാക്കൾ എന്നിവരെ ഉൾപ്പെടുത്തി മീഡിയ ഗ്രൂപ്പ് രൂപീകരിക്കുക<br>• പൂർവ്വ വിദ്യാർത്ഥികളെയും പ്രാദേശികമായി മുൻപന്തിയിൽ നിൽക്കുന്നവരെയും ഉൽപ്പെടുത്തി സംഘടന രൂപീകരിക്കൽ, ഗണിതലാബ് രൂപീകരണം.<br>• പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി അധ്യാപകർ, രക്ഷിതാക്കൾ, ക്ലബ്ബ് അംഗങ്ങൾ എന്നിവരുടെ സഹായത്തോടെ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് സജ്ജീകരിച്ച് വയ്ക്കുക. ഈ ഉൽപ്പന്നത്തിന്റെ സഹായത്തോടെ ഗണിത പഠനം രസകരമാക്കുക. താത്പര്യം ജനിപ്പിക്കൽ<br><br>**<u>ഉൽപ്പന്നങ്ങൾ</u>** :<br>• പാമ്പും കോണിയും, പൊട്ടുകൾ, ഒട്ടിച്ച ചാർട്ട്, ക്ലോക്ക്, അബാക്കസ് | 1,2,3,4 | ഹ്യസ്വ കാലം (ജൂൺ, ജുലൈ) | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>പി ടി എ<br><br>പൂർവ്വ വിദ്യാർത്ഥികൾ<br><br>അധ്യാപകർ<br>രക്ഷിതാക്കൾ | 2000 |

| | | | | | | |
|---|---|---|---|---|---|---|
| | | • വിവിധ ക്ലബ് പ്രവർത്ത നങ്ങൾ | | | | |

| ക്രമ ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | അനുഭവത്തിലൂടെയു ള്ള പഠനത്തിന് അവസരം ഒരുക്കൽ | • ഓരോ കുട്ടിക്കും ഗണിതകിറ്റ്<br>• ഓരോ യൂണിറ്റിലേയും ഗണിതാശയ രൂപീകരണത്തി നുതകുന്ന സാമഗ്രികൾ ലിസ്റ്റ് ചെയ്യുന്നു.<br>• കുട്ടികളുടെ സഹായത്തോടെ അവ ശേഖരിക്കു കയും നിർമ്മിക്കുകയും ചെയ്യുന്നു.<br>• ഗണിതകിറ്റുകളുടെ ഉപ യോഗം | 1,2,3,4<br>1,2,3,4 | ഹൃസ്വ കാലം (ജൂൺ)<br>ജൂൺ – മാർച്ച് | അധ്യാപകർ<br>അധ്യാപകർ കുട്ടികൾ എസ്.എസ്.ജി രക്ഷിതാക്കൾ | 1000 |
| 2 | പഠനം രസകരവും ലളിതവുമാക്കി മാറ്റാൻ | • ഗണിത കേളികൾക്കാവശ്യമായ സാമഗ്രികൾ ലഭ്യമാക്കുന്നു. (പാമ്പും കോണിയും, ജിഗ പദപ്രശ്നങ്ങൾ, ഡോമിനോകൾ തുടങ്ങിയവ..)<br>• മാന്ത്രിക ചതുരങ്ങൾ, മാന്ത്രിക കളങ്ങൾ, സംഖ്യാ പാറ്റേണുകൾ എന്നിവയുടെ ചാർട്ട് | 1,2,3,4 | ഹൃസ്വ കാലം (ജൂൺ) | അധ്യാപകർ<br>കുട്ടികൾ എസ്.എസ്. എ രക്ഷിതാക്കൾ | |
| 3 | അറിവു നിർമ്മാണത്തിന് അവസരം ലഭിക്കാൻ | • ഉല്ലാസ ഗണിതകിറ്റു ഉപ യോഗം<br>• വിവിധ ക്രിയകൾ വ്യത്യസ്ത രീതിയിൽ ചെയ്യുന്നതിന്റെ ചാർട്ട് പ്രദർശിപ്പിക്കണം<br>• ഗണിത പുരാവസ്തുക്കൾ ശേഖരിച്ച് പ്രദർശിപ്പിക്കുന്നു. | 2,3,4 | ഹൃസ്വ കാലം<br>സെപ്തംബർ – നവംമ്പർ | അധ്യാപകർ രക്ഷിതാക്കൾ വിദ്യാർത്ഥികൾ | 500 |

| | | | | | | |
|---|---|---|---|---|---|---|
| 4 | സ്വയം പഠനത്തിനും സൃഷ്ടി അവസരം ഒരുക്കുന്നു | • അബാക്കസ്, ടെൻ ഫ്രെയിം തുടങ്ങിയവ സ്വതന്ത്രമായി ഉപയോഗിക്കാനുള്ള സൗകര്യം ഒരുക്കുന്നു.<br>• ഗണിത ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോഗ്യാലറി<br>• ഗണിത ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു<br>• സങ്കലന ഗുണന വസ്തുക്കൾ ഡിസ്പ്ലേ... | | ദീർഘകാലം | അധ്യാപകർ<br>രക്ഷിതാക്കൾ<br>കുട്ടികൾ | 8500 |
| | | | | | **ആകെ** | **10000** |

**മേഖല : അനുഭവാധിഷ്ഠിത പഠനം ലാബിലൂടെ** **ഉപമേഖല : ശാസ്ത്രലാബ്**

| ക്രമന | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | അനുഭവത്തിലൂടെയുള്ള പഠനത്തിന് അവസരം ഒരുക്കൽ | • പ്രതീക്ഷിക്കപ്പെടുന്ന പുതിയ കെട്ടിടത്തിന്റെ ശാസ്ത്രലാബ് ക്രമീകരിക്കുന്നു. ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുന്നു.ഓരോ ക്ലാസിനും വേണ്ട സാമഗ്രികൾ, രാസ വസ്തുക്കൾ തുടങ്ങിയവ മുൻകൂട്ടി പട്ടികയാക്കുന്നു, സജ്ജീകരിക്കുന്നു. ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട മോഡലുകൾ, ചിത്രങ്ങൾ ലഭ്യമാക്കുന്നു. ശാസ്ത്രജ്ഞരുടെ ഫോട്ടോ ഗ്യാലറി, ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു. | 1,2,3,4 | ദീർഘകാലം | അധ്യാപകർ<br>രക്ഷിതാക്കൾ<br>പഞ്ചായത്ത്<br>കുട്ടികൾ<br>എസ്.എസ്. എ | 100000<br>20000 |
| 2 | സ്വയം പഠനത്തിനും സൃഷ്ടി പരതക്കും അവസരം ഒരുക്കുന്നു | • കുട്ടികൾക്ക് സ്വയം പരീക്ഷണം ചെയ്യാനാവും വിധം ലാബ് ക്രമീകരിക്കുന്നു. ശാസ്ത്ര ക്ലബ്ബിന്റെ | 1,2,3,4 | 1/മാസം | ശാസ്ത്ര ക്ലബ് | |

| | | | | | | |
|---|---|---|---|---|---|---|
| | | ആഭിമുഖ്യത്തിൽ സ്കൂൾ അസംബ്ലി, ബാലസഭയിൽ ലഘു പരീക്ഷണങ്ങൾ നടത്തുന്നു. | | | | |
| 3 | അറിവു നിർമ്മാണ ത്തിന് അവസരം ലഭിക്കുന്നു. | • കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ, എസ്.എം.സി എന്നിവയുടെ ആഭിമുഖ്യത്തിൽ സംയുക്തമായി പരീക്ഷണ സാമഗ്രികൾ ശേഖരിക്കുകയും തയ്യാറാക്കുകയും ചെയ്യുന്നു. | 1,2,3,4 | 1/മാസം | അധ്യാപകർ<br>രക്ഷിതാക്കൾ<br>വിദ്യാർത്ഥികൾ | |
| | | | | | **ആകെ** | **120000** |

**മേഖല : അനുഭവാധിഷ്ഠിത പഠനം ലാബിലൂടെ** **ഉപമേഖല : ഭാഷാലാബ്**

| ക്രമ ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | അനുഭവത്തിലൂടെയു ള്ള പഠനത്തിനും അറിവു നിർമ്മാണത്തിനും അവസരം ലഭിക്കുന്നു. | • പ്രതീക്ഷിക്കപ്പെടുന്ന പുതിയ കെട്ടിടത്തിൽ ഭാഷാലാബ് ഒരുക്കുന്നു.<br>• ലാബിൽ ഇംഗ്ലീഷ്, മലയാളം, അറബിക് എന്നിവക്ക് പ്രത്യേകം ഇടങ്ങൾ സജ്ജമാക്കുന്നു. ആവശ്യ ഫർണിച്ചർ ലഭ്യമാക്കുന്നു.<br>• ഓരോ ക്ലാസ്സിലും പാഠഭാഗവുമായി ബന്ധപ്പെട്ട് ലാബിലേക്ക് വേണ്ട സാധനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. അവ സജ്ജീകരിക്കുന്നു. പ്രയോജനപ്പെടുത്തുന്നു. | 1,2,3,4<br>1,2,3,4 | ദീർഘകാലം<br>ജൂൺ<br>ജൂൺ | അധ്യാപകർ<br>പി ടി എ<br>എസ്.എസ്. എ<br>ടീച്ചേഴ്സ്<br>ടീച്ചേഴ്സ്<br>വിദ്യാർത്ഥികൾ | 50000<br>10000<br>5000 |

| | | | | | | |
|---|---|---|---|---|---|---|
| | | • പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസന്റേഷനുകൾ തയ്യാറാക്കി ശിൽപശാല അവതരിപ്പിക്കുന്നു. | | | | |
| 2 | പഠനം ലളിതവും രസകരവുമാക്കി മാറ്റൽ | • ലാബിൽ ലാപ്ടോപ്പ്, ഡിക്ഷ്ണറി, ഹോംതിയേറ്റർ, എൽ.ഇ.ഡി ടി. വി, റേഡിയോ എന്നിവ സജ്ജമാക്കുന്നു.<br>• ഇന്റർവെൽ സമയങ്ങളിൽ മൈക്കിലൂടെ കഥകളും കവിതകളും കേൾപ്പിക്കുന്നു.<br>• വാർത്താ വായന, കഥപറയൽ അവതരണങ്ങൾക്ക് സാഹചര്യമൊരുക്കുന്നു. | 1,2,3,4<br><br>1,2,3,4 | ദീർഘകാലം<br><br>ആഴ്ചയിലൊരിക്കൽ | അധ്യാപകർ<br><br>വിദ്യാർത്ഥികൾ<br><br>ക്ലബുകൾ | 50000 |
| 3 | സ്വയം പഠനത്തിനും സൃഷ്ടി സ്വയം പരതക്കും അവസരം ഒരുക്കുന്നു. | • അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നതിനുള്ള പഠനോപകരണങ്ങൾ ലാബിൽ സജ്ജീകരിക്കുന്നു. അവ യഥേഷ്ടം ഉപയോഗിക്കാനുള്ള അവസരം നൽകുന്നു.<br>• വിവിധ തരം വസ്തുക്കളുടെ ചിത്ര ചാർട്ടുകൾ, മോഡലുകൾ എന്നിവ പ്രദർശിപ്പിക്കുകയും അവയിൽ മലയാളത്തിലും, ഇംഗ്ലീഷിലും, അറബിയിലും പേരെഴുതി പ്രദർശിപ്പിക്കുന്നു.<br>• മഹാന്മാരുടെ ഫോട്ടോ ഗ്യാലറി<br>• വിവിധ ഭാഷകളിലുള്ള പത്രങ്ങൾ, മാഗസിനുകൾ, നോട്ടീസുകൾ, പോസ്റ്ററുകൾ | 1,2,3,4<br><br>1,2,3,4<br><br>1,2,3,4<br><br>1,2,3,4 | ജൂൺ<br><br>ഹ്രസ്വകാലം<br><br>ദീർഘകാലം<br><br>ദീർഘകാലം | ടീച്ചേഴ്സ്<br>പി ടി എ<br>കുട്ടികൾ<br><br>അധ്യാപകർ<br>കുട്ടികൾ<br><br>പി ടി എ<br><br>അധ്യാപകർ<br>കുട്ടികൾ | 2000<br><br>500<br><br>500 |

| | | | | | | |
|---|---|---|---|---|---|---|
| | | തുടങ്ങിയവ ലാബിൽ ലഭ്യമാക്കും.<br>• ഭാഷാ ലൈബ്രറി ഒരുക്കുന്നു. | | | രക്ഷിതാക്കൾ<br>സ്പോൺ<br>സേർഡ് | |

**മേഖല : വായന, എഴുത്ത്** **ഉപമേഖല :**

| ക്രമ ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളെയും വായനാ ശീലമുള്ളവരാക്കുക്കുക | • ലൈബ്രറിയിലെ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ – തരം തിരിക്കൽ<br>• വായനാ മത്സരങ്ങൽ സംഘടിപ്പിക്കൽ<br>• വായനാകൂട്ടങ്ങൾ രൂപീകരിക്കൽ<br>• വായനാക്ലബ്ബ് രൂപീകരണം<br>• വായിക്കാനിത്തിരി നേരം<br>• പത്രവായന – അസംബ്ലിയിൽ<br>• വായനാ കാർഡ് – ശിൽപശാല<br>• ക്ലാസ് ലൈബ്രറി | 2,3,4<br>1,2,3<br>3,4<br>2,3,4<br>1,2,3,4 | ജൂൺ<br>ഹ്രസ്വകാലം<br>ആഗസ്ത്<br>ഹ്രസ്വകാലം | അധ്യാപകർ<br>അധ്യാപകർ<br>അധ്യാപകർ<br>വിദഗ്ദർ<br>രക്ഷിതാക്കൾ | 3000<br>5000<br>5000 |
| 2 | ലൈബ്രറിയുപയോഗം മുഴുവൻ കുട്ടികളുടെയും ശീലമാക്കുക | • ക്ലാസ് ലൈബ്രറി<br>• വീട്ടിലൊരു ലൈബ്രറി<br>• കൂടുതൽ പുസ്തകം വായിച്ചവർക്ക് സമ്മാനം നൽകൽ<br>• വായനാ ക്വിസ് | 2,3,4<br>2,3,4<br>2,3,4 | ദീർഘകാലം<br>ദീർഘകാലം<br>മാസംതോറും | അധ്യാപകർ<br>രക്ഷിതാക്കൾ<br>അധ്യാപകർ | 4000<br>2000 |

| | | | | | | |
|---|---|---|---|---|---|---|
| | | • ജന്മദിനത്തിൽ ഒരു പുസ്തകം ക്ലാസിലേക്ക്<br>• അമ്മമാർക്കു ലൈബ്രറി<br>• വായനാകുറിപ്പ് അവതരണം | 3,4<br>1,2,3,4 | | അധ്യാപകർ<br>രക്ഷിതാക്കൾ | |
| 3 | വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിനുള്ള അവസരം സൃഷ്ടിക്കൽ | • അസംബ്ലിയിൽ പുസ്തക പരിചയം<br>• വായിച്ച പുസ്തകത്തെക്കുറിച്ച് വാചികമായി അവതരിപ്പിക്കൽ<br>• വായിച്ച കാര്യങ്ങൾ ചുരുക്കുപറയൽ<br>• വായനാകുറിപ്പ് അവതരണം | 3,4<br>2,3,4<br>3,4 | ഹ്രസ്വകാലം | അധ്യാപകർ | |
| 4 | കുട്ടികളുടെ രചനാപരമായ കഴിവ് വളർത്തൽ | • വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കൽ<br>• വായനാ കുറിപ്പ് മത്സരം<br>• സ്ക്കൂൾ പത്രം തയ്യാറാക്കൽ<br>• സർഗാത്മക രചനകൾ പതിപ്പാക്കൽ<br>• ക്യാമ്പ് (സാഹിത്യ) സംഘടിപ്പിക്കൽ<br>• ശിൽപശാലകൾ<br>• | 3,4<br>3,4<br>3,4<br>3,4<br>3,4 | ഓരോ ടേമിലും | അധ്യാപകർ<br>അധ്യാപകർ<br>വിദഗ്ദർ | 2500<br>5000<br>5000<br>4000 |
| 5 | സമൂഹ പങ്കാളിത്തത്തോടെ ലൈബ്രറി വികസിപ്പിക്കുക | • എല്ലാ ക്ലാസിലും പത്രം എത്തിക്കൽ<br>• ബാല മാസികകൾ ക്ലാസ് ലൈബ്രറിയിലേക്ക്<br>• പുസ്തക ശേഖരണം | 1,2,3,4<br>1,2,3,4 | ദീർഘകാലം | ക്ലബ് സംഘടനകൾ<br>ക്ലബ്<br>രക്ഷിതാക്കൾ | 2500<br>2500<br>2500 |

**മേഖല : ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള പഠനം**

**ഉപമേഖല : ഐ.ടി അധിഷ്ടിത പഠനത്തിലേക്കൊരു കാൽവെപ്പ്**

| ക്രമ ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക | • കുട്ടികളുടെ പാഠ്യ-പാഠ്യേതര വിഷയങ്ങളിലും പഠന സാഹിത്യ സാംസ്ക്കാരിക മേഖലകളിലും ഐ.സി.ടി ഉപയോഗിക്കുക | 1,2,3,4 | ദീർഘകാലം | അധ്യാപകർ | |
| | | • കമ്മ്യൂണിക്കേഷൻ സ്കിൽ വികസിപ്പിക്കുക. (ഐ.സി.ടി ഉപയോഗിച്ച് വിവിധ ഭാഷകളിൽ) | 1,2,3,4 | ദീർഘകാലം | അധ്യാപകർ | |
| | | • ഡിജിറ്റൽ പെയിന്റിങ്, ആനിമേഷൻ തുടങ്ങിയവയിലുള്ള പരിശീലനം | 3,4 | ഹ്രസ്വകാലം (ആഗസ്ത്- സെപ്തംബർ) | അധ്യാപകർ | |
| 2 | ഐ.ടി അധിഷ്ടിത പഠനത്തിലൂടെ ലളിതവും രസകരവുമാക്കുക | • എല്ലാ പാഠങ്ങളുമായി ബന്ധപ്പെട്ട ഐ.ടി വിഭവങ്ങൾ തയ്യാറാക്കുക | 1,2,3,4 | ഹ്രസ്വകാലം (ജൂൺ- ജുലൈ) | അധ്യാപകർ | |
| | | • ജികോബ്രിക്സുമായി ബന്ധപ്പെടുത്തി പഠന പ്രവർത്തനങ്ങൾ ചെയ്യുക | 1,2,3,4 | ദീർഘകാലം | അധ്യാപകർ | |
| | | • ഐ ടി വിദഗ്ധരായ രക്ഷി താക്കളുടെ ഗ്രൂപ്പ് രൂപീകരിക്കുക. പഠന വിഭവങ്ങളും മറ്റും കുട്ടികളിലേക്ക് എത്തിക്കുക. | 1,2,3,4 | ഹ്രസ്വകാലം (ജൂൺ- ജുലൈ) | രക്ഷിതാക്കൾ | |
| | | • ഇ-ക്യൂബ് പ്രവർത്തനങ്ങൾ (ക്ലാസ് തലം) | | | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | എല്ലാ അധ്യാപകരേയും ഐ.ടി അധിഷ്ഠിത ബോധനത്തിന് പ്രാപ്തമാക്കുക. | • അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുക<br>• എല്ലാ അധ്യാപകരും ഐ.ടി അധ്യാപനത്തിന് പ്രാപ്തരായെന്ന് ഉറപ്പുവരുത്തുക | | ഹ്രസ്വകാലം (ജൂൺ– ജുലൈ) | ഐ ടി ട്രൈനേഴ്സ് | 5000 |
| 4 | എല്ലാ കുട്ടികളേയും ഐ.ടി സാക്ഷരരാക്കുക | • കമ്പ്യൂട്ടർ ഉപയോഗിക്കേണ്ട രീതി പഠിപ്പിക്കുക.<br>• കമ്പ്യൂട്ടർ ഉപയോഗിച്ച് പുനർ പ്രവർത്തനങ്ങൾ ചെയ്യിക്കുക.<br>• ടൈപ്പിങ്, ഫയൽ ഫോൾഡർ തയ്യാറാക്കൽ എന്നിവ പരിശീലിപ്പിക്കുക. | 1,2,3,4 | എല്ലാ ആഴ്ച കളിലും (ദീർഘകാലം) | അധ്യാപകർ | |
| 5 | അറിവു നിർമ്മാണ പ്രക്രിയയിൽ ഐ.സി.ടി സാധ്യത ഉറ പ്പാക്കുക | • ഇന്റർനെറ്റ് ഉപയോഗിച്ച് വിവര ങ്ങൾ കണ്ടെത്തുക | 3,4 | ഹ്രസ്വകാലം (ജുലൈ– ആഗസ്ത്) | അധ്യാപകർ<br>രക്ഷിതാക്കൾ | |
| 6 | ഹൈടെക് സ്ക്കൂളാക്കി ഉയർത്തുക | • എല്ലാ ക്ലാസ്സ് റൂമുകളിലും എൽ. സി.ഡി പ്രൊജക്ടർ/ സ്മാർട്ട് ടി.വി വെക്കുക | 1,2,3,4 | 8 ക്ലാസ് റൂം<br>(ദീർഘകാലം) | ഡിപ്പാർട്ട് മെന്റ്/പി ടി എ/എസ് എസ് ജി | 400000<br>200000 |

**മേഖല : കലാ പഠനം** **ഉപമേഖല :**

| ക്രമ ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | കുട്ടികൾക്ക് കലാ പഠനത്തിന് അവസരം ഒരുക്കൽ | • ക്ലാസ് തലത്തിൽ ബാലസഭ<br>• സ്കൂൾതലത്തിൽ ബാലസഭ<br>• പാഠഭാഗത്തെ പ്രവർത്തന ങ്ങൾക്കനുസരിച്ചുള്ള കലകൾ അവതരണം | 1,2,3,4<br>1,2,3,4<br>1,2,3,4 | ഓരോ ആഴ്ച യിലും<br>മാസത്തിലൊ രിക്കൽ<br>രണ്ട് ആഴ്ച യിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ<br>അധ്യാപകർ<br>വിദ്യാർത്ഥികൾ | |

| | | | | | | |
|---|---|---|---|---|---|---|
| 2 | കുട്ടികളുടെ നൈസർഗിക കഴിവുകൾ പരിപോഷിപ്പിക്കൽ | • കലാപരമായി മുന്നിട്ടു നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ<br>• സഹവാസ ക്യാമ്പുകൾ | 1,2,3,4 | ആഴ്ചയിൽ ഒരു ദിവസം | കലകളിൽ പ്രാവിണ്യം നേടിയ വ്യക്തികൾ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ | 10000 |
| 3 | മേളകളിൽ മികച്ച വിജയം കൈവരിക്കൽ | • സ്കൂൾ കലാമേള | 1,2,3,4 | | ”’’ | 5000 |

മേഖല :

ഉപമേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളുടെയും കായിക ക്ഷമത ഉറപ്പാക്കുക | • എല്ലാ ദിവസവും നിശ്ചിത സമയം കായിക പരിശീലനത്തിന് അവസരം ഒരുക്കൽ<br>• കായിക ക്ഷമത ഉപകരണങ്ങൾ വിദ്യാലയത്തിൽ സ്ഥാപിക്കൽ<br>• വിവിധ വ്യായാമ മുറകളിൽ പരി ശീലനം നൽകൽ<br>• എയറോബിക്സ്<br>• ആഴ്ച്ചയിലൊരിക്കൽ യോഗാ പരിശീലനം ഏകദിന ക്യാമ്പ്<br>• ആഴ്ചയിലൊരിക്കൽ മാസ്ഡ്രിൽ<br>• അതിജീവനം | 1,2,3,4<br>1,2,3,4<br>3,4<br>3,4 | ദീർഘകാലം<br>3 കൊല്ലം | LSGD | പരിശീലനം നേടിയ അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| 2 | ഗെയിംസ് പരിശീലനം | • വിദ്യാലയ കോമ്പൗണ്ടിൽ സ്പോർട്സ് കോർട്ടുകൾ നിർമ്മിക്കുകയും ഗെയിംസുകളിൽ പരിശീലനം നൽകുകയും ചെയ്യുക | 3,4 | 5 കൊല്ലം | | 2000 |
| 3 | കായിക മാനസികാരോഗ്യത്തിന് വിവിധ വ്യായാമ മുറകൾ | • സമ്പൂർണ്ണ സൈക്ലിംഗ് സാക്ഷര ത, ഇതിനാവശ്യമായ സൈക്കിൾ ലഭ്യമാക്കുക.<br>• എയറോബിക്സ് പരിശീലനം, ഡ്രസ് നൽകുക<br>• എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം<br>• സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുക, നീന്തൽ ഡ്രസ്സുകൾ ലഭ്യമാക്കുക<br>• നാടൻ കളികളിൽ പരിശീലനം നൽകൽ<br>• | 1,2,3,4<br>3,4<br>3,4<br>1,2,3,4 | ദീർഘകാലം<br>ദീർഘകാലം | പരിശീലനം നേടിയ അധ്യാപകർ<br>അധ്യാപകർ<br>BRC<br>LSGD<br>അധ്യാപകർ | 15000<br>10000<br>120000 |
| 4 | | • ബോധവൽക്കരണ ക്ലാസ് സംഘ ടിപ്പിക്കൽ<br>• പോഷകാഹാരം, വ്യത്യസ്ത വിഭവങ്ങളടങ്ങിയത് ലഭ്യമാക്കുക<br>• സ്ക്കൂളിനെ മലിനമുക്തമാക്കുക, ഹരിതാഭമാക്കുക<br>• ഇതിനാവശ്യമായ ബയോ ഡൈവേഴ്സിറ്റി സ്ഥാപിക്കുക<br>• ഭക്ഷണത്തിനായി 5 കുഴിയുള്ള പാത്രം എല്ലാവർക്കും ലഭ്യമാക്കുക | 1,2,3,4<br>1,2,3,4<br>1,2,3,4 | 1 കൊല്ലം<br>3 കൊല്ലം | പ്രഗൽഭരായ അധ്യാപകർ<br>LSGD<br>PTA | 15000 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ആരോഗ്യ കായിക വിദ്യാഭ്യാ സത്തിനായി പ്രയോജനപ്പെടുത്തു ക | • ക്ലാസ് മുറികളിൽ നൽകുന്ന ആരോഗ്യവുമായി ബന്ധപ്പെട്ടവ കളും യുടെ ഉപയോഗം<br>• മാസ്ഡ്രിൽ, എയറോബിക ്സ്, യോഗ എന്നിവയുടെ വീഡിയോ പ്രദർശനം | 1,2,3,4<br>1,2,3,4 | | അധ്യാപകർ | |

**മേഖല : പ്രവർത്തി പരിചയം** **ഉപമേഖല : പഠനത്തോടൊപ്പം കൈത്തൊഴിൽ**

| ക്രമ ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | ചുറ്റുപാടുകളിൽ നിന്നും കിട്ടുന്ന വസ് തുക്കളിൽ നിന്നും ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കൽ | ഏകദിന പരിശീലനം | 1,2,3,4 | ജൂൺ മാ സത്തിലൊരി ക്കൽ | വിദഗ്ദരായ വ്യ ക്തികൾ അധ്യാപകർ, രക്ഷിതാക്കൾ | 3000 |
| | പരിസര മലിനീകരണത്തിന് കാരണമായ പ്ലാസ്റ്റിക് പോലുള്ള വസ്തുക്കളുടെ പുനരുപയോഗം | കരകൗശല നിർമ്മാണം ഏകദിന പരിശീലനം | 1,2,3,4 | 2 മാസത്തി ലൊരിക്കൽ | വിദഗ്ദരായ വ്യ ക്തികൾ അധ്യാപകർ, രക്ഷിതാക്കൾ | 4000 |
| | കുട്ടികളുടെ ചിന്ത, ഭാവന എന്നിവ വികസിപ്പിക്കാൻ അവസരം ഒരുക്കൽ | ഞാനും ഉണ്ടാകും... ചുറ്റുപാടുകളിൽ നിന്നും കിട്ടു ന്ന വസ്തുക്കളിൽ നിന്നും ഉ പയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കൽ | 1,2,3,4 | മാസത്തിലൊ രിക്കൽ | അധ്യാപകർ, രക്ഷിതാക്കൾ വിദ്യാർത്ഥികൾ പൂർവ്വ വിദ്യാർത്ഥികൾ | |

# ഭൗതിക സൗകര്യ വികസന ആസൂത്രണ രേഖ

## പൊതു ലക്ഷ്യങ്ങൾ

1. സുന്ദരവും സുരക്ഷിതവുമായ ഭൗതികാന്തരീക്ഷം സൃഷ്ടിക്കുക.
2. സമൂഹത്തിന്റെ മാറിവരുന്ന സൗന്ദര്യബോധം പ്രതിഫലിക്കുന്ന സ്കൂൾ കെട്ടിടങ്ങൾ
3. ശുചിത്വപൂർണ്ണവും ആരോഗ്യകരവും ഹരിതാഭവുമായ വിദ്യാലയ ക്യാമ്പസ്.
4. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സഞ്ചാരത്തിന് ഉപയുക്തമായ ക്യാമ്പസ്.
5. ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്താവുന്ന ഹൈടെക് ക്ലാസ് മുറി
6. മികവുറ്റ വിദ്യാഭ്യാസം മികവാർന്ന പഠനാനുഭവത്തിലൂടെ
7. കളിച്ചുല്ലസിക്കാൻ കിഡ്സ്പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **<u>ക്യാമ്പസ് തന്നെ ഒരു പുസ്തകം</u>**<br>• ജൈവ വൈവിധ്യ പാർക്ക്<br>• പൂന്തോട്ടം<br>• ഔഷധ സസ്യതോട്ടം<br>• കലഭോദ്യാനം | • സൊസൈറ്റി, ബാങ്ക് തുടങ്ങിയ സ്പോൺസർമാരെ കണ്ടെത്തുന്നു.<br>• ജൈവ വൈവിധ്യ പാർക്കിനു വേണ്ട സ്ഥലം കണ്ടെത്തുന്നു<br>• എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.<br>• വേണ്ട സ്ഥലം കല്ല് പടുത്തു വേർത്തിരിക്കുക.<br>• ചെടികൾ വെച്ചുപിടിപ്പിക്കുന്നു. | 6 മാസം | പി ടി എ<br>എസ് എം സി<br>വികസന സമിതി | 100000 |
| പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസിനു വേണ്ടി തുണി സഞ്ചി വിതരണം | • പ്രാദേശിക സഹായം ലഭ്യമാക്കൽ<br>• എല്ലാ വിദ്യാർത്ഥികൾക്കും തുണി സഞ്ചി വിതരണം | 6 മാസം | പി ടി എ<br>എസ് എം സി<br>വികസന സമിതി | 25000 |

| | | | | |
|---|---|---|---|---|
| ക്ലാസ് മുറികൾ ആകർഷകമാക്കൽ<br>• ബാഗും പഠനോപകരണങ്ങളും | • പ്രാദേശിക സ്പോൺസർഷിപ്പ് ലഭ്യമാക്കൽ | 4 മാസം | പി ടി എ<br>എസ് എം സി | 50000 |
| സൂക്ഷിക്കാൻ ക്ലാസ് ഷെൽഫ് | • ഓരോ ക്ലാസിലും ക്ലാസ് ഷെൽഫ്<br>• ഷെൽഫ് നിർമ്മാണം | | വികസന സമിതി | |
| ചുറ്റുമതിൽ, പ്രവേശന കവാടം ആകർഷണീയമാക്കൽ | • പ്രാദേശിക ഭരണ കൂടത്തെ സമീപിക്കുക | 1 വർഷം | പി ടി എ<br>എസ് എം സി<br>വികസന സമിതി | 600000 |
| ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നല്ല വൃത്തിയുള്ള ക്ലാസ്മുറികളിൽ പഠനം | • പുതിയ ക്ലാസ് മുറികൾ പ്രാദേശിക ഭരണകൂടുത്തിന്റെ സഹായത്താൽ നിർമ്മാണം<br>• ടൈൽ ഇടൽ<br>• സ്മാർട്ട് ക്ലാസ് റൂമാക്കി മാറ്റൽ | 2/3 വർഷം | പി ടി എ<br>എസ് എം സി<br>വികസന സമിതി<br>ഏജൻസികൾ<br>പഞ്ചായത്ത്<br>എം എൽ എ | 1 കോടി |
| കലാപരമായി കഴിവുകൾ വികസിപ്പി ക്കാനും പ്രകടിപ്പിക്കുവാനും സ്റ്റേജ് നിർമ്മാണം. | • പ്രാദേശിക ഭരണ കൂടത്തെ സമീപിക്കുക<br>• എം.എൽ.എ, എം.പി സമീപിക്കൽ<br>• നിർമ്മാണം | 1 വർഷം | പി ടി എ<br>എസ് എം സി<br>വികസന സമിതി | 300000 |
| ശാരീരിക മാനസിക ഉല്ലാസത്തിനു ള്ള കളിപാർക്കുകൾ നിർമ്മിക്കൽ | • പ്രാദേശിക സ്പോൺസർമാ രെ കണ്ടെത്തുന്നു<br>• നിർമ്മാണം | 2 വർഷം | പി ടി എ<br>എസ് എം സി<br>വികസന സമിതി | 100000 |
| കുട്ടികൾക്ക് സുരക്ഷിതമായ വാഹന സൗകര്യം | • ജനപ്രതിനിധിയെ സമീപിക്കുന്നു.<br>• നിവേദനം നൽകുന്നു. | 1 വർഷം | പി ടി എ<br>എസ് എം സി<br>വികസന സമിതി | 10 ലക്ഷം |
| സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂൾ ആക്കുക. | • നിവേദനം തയ്യാറാക്കുന്നു.<br>• ഡിപ്പാർട്ട്മെന്റ് വഴിമുന്നോട്ടു നീങ്ങുന്നു | മാർച്ച് – ജൂൺ | പി ടി എ<br>എസ് എം സി<br>വികസന സമിതി | |

## മോണിറ്ററിംഗ് സമിതി

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, വാർഡ് മെമ്പർ, ടങഇ ചെയർമാൻ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, പി.ടി.എ. എം.ടിഎ പ്രതി നിധികൾ തുടങ്ങിയവരടങ്ങുന്ന സമിതി മോണിറ്ററിംഗ് നടത്തണം.

## ഉപസംഹാരം

വിദ്യാഭ്യാസം മനുഷ്യനൻമയ്ക്ക് എന്ന ആശയം ഉയർത്തിപ്പിടിച്ച് വരും തലമുറയെ വാർത്തെടുക്കാൻ ശ്രമിക്കുന്ന ഈ വിദ്യാലയം അതിന്റെ എല്ലാ പരാധീനതകളെയും ഉൾകൊണ്ടുതന്നെ ഈ യജ്ഞത്തിൽ പങ്കാളികളാവുകയാണ്.

അതുകൊണ്ടുതന്നെ എല്ലാ വെല്ലുവിളികളെയും അതിജീവിച്ചുകൊണ്ട് ഈ അക്കാദമിക പ്ലാൻ തയ്യാറാക്കിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി മുന്നേറാൻ കഴിയട്ടെ എന്നു പ്രത്യാശിക്കുന്നു. അതിനായി നല്ലവരായ പൊതുജനങ്ങളുടെയും പ്രാദേശിക ഭരണകൂടത്തിന്റെയും സർക്കാരിന്റെയും സഹായസഹകരണങ്ങൾ ഉണ്ടാവുമെന്നും പ്രതീക്ഷിക്കുന്നു. ഈ വിദ്യാലയത്തിന്റെ ഡി.പി.സ്ക്കൂൾ ആവുക എന്ന സ്വപ്നവും യാഥാർത്ഥ്യമാകട്ടെ എന്നും പ്രത്യാശിക്കുന്നു.